പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2598 27.01.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

## സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെ ഒഴിവുകൾ

**ചോദ്യം**

**ശ്രീ.കോടിയേരി ബാലകൃഷ്ണൻ**

**മറുപടി**

**ശ്രീ.വി.എസ്.ശിവകുമാർ**
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് നിലവിൽ സർക്കാർ മെഡിക്കൽ കോളേജുകളിലും സർക്കാർ ജില്ലാ ആശുപത്രികളിലും മറ്റ് സർക്കാർ ആശുപത്രികളിലും എത്ര ഡോക്ടർമാരുടെ ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(എ) ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ 345 ഉം, ആരോഗ്യ വകുപ്പിൽ 559 ഉം ഡോക്ടർമാരുടെ ഒഴിവുകളുണ്ട്. ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് വരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലും സർക്കാർ ജില്ലാ ആശുപത്രികളിലും മറ്റ് സർക്കാർ ആശുപത്രികളിലും എത്ര ഡോക്ടർമാർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ നിയമനം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 24 |
| ആലപ്പുഴ | 46 |
| കോട്ടയം | 39 |
| തൃശ്ശൂർ | 35 |
| കോഴിക്കോട് | 48 |
| മലപ്പുറം | 1 |
| **ആകെ** | **193** |

ആരോഗ്യ വകുപ്പിന് കീഴിലെ ആശുപത്രികളിലെ ഡോക്ടർമാരുടെ നിയമനം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| തിരുവനന്തപുരം | - | തൃശ്ശൂർ | 109 |
| കൊല്ലം | 10 | പാലക്കാട് | 120 |
| പത്തനംതിട്ട | 119 | വയനാട് | 61 |
| ആലപ്പുഴ | 146 | മലപ്പുറം | 38 |
| കോട്ടയം | 79 | കോഴിക്കോട് | 8 |
| എറണാകുളം | 119 | കണ്ണൂർ | 138 |
| ഇടുക്കി | 79 | കാസർഗോഡ് | 75 |
| **ആകെ - 1101** | | | |

(സി) ദേശീയ ഗ്രമീണ ആരോഗ്യ ദൗത്യം പദ്ധതി പ്രകാരം സംസ്ഥാനത്ത് ഗ്രാമീണ മേഖലകളിൽ എത്ര ഡോക്ടർമാർ നിലവിൽ സേവനമനുഷ്ഠിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം പദ്ധതി പ്രകാരം സംസ്ഥാനത്ത് ഗ്രാമീണ മേഖലകളിൽ 588 ഡോക്ടർമാർ നിലവിൽ സേവനമനുഷ്ഠിക്കുന്നു.

(ഡി) പട്ടികജാതി പട്ടികവർഗ്ഗ ആദിവാസി കോളനികൾ ഉൾക്കൊള്ളുന്ന മേഖലകളിലെ എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്താമോ?

(ഡി) പട്ടികജാതി പട്ടികവർഗ്ഗ ആദിവാസി കോളനികൾ ഉൾക്കൊള്ളുന്ന മേഖലകളിലെ 13 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ ഒഴിവുകളുണ്ട്.

സെക്ഷൻ ഓഫീസർ